# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1745 — 03.05.2017 — ൽ മറുപടിക്ക്

## റേഷൻ വ്യാപാരികളുടെ വേതനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ. എ.നെല്ലിക്കുന്ന് : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) ഭക്ഷ്യ സുരക്ഷാ നിയമം നടപ്പാക്കി ആറു മാസം പിന്നിട്ടിട്ടും റേഷൻ വ്യാപാരികളുടെ വേതന കാര്യത്തിൽ തീരുമാനമാകാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; | (എ) റേഷൻ വ്യാപാരികൾക്കുള്ള വേതന പാക്കേജ് നിർണ്ണയിക്കുന്നത് സംബന്ധിച്ച് സിവിൽ സപ്ലൈസ് ഡയറക്ടർ ചെയർമാനും റേഷൻ വ്യാപാരി സംഘടനാ പ്രതിനിധികൾ അംഗങ്ങളുമായുള്ള കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) വാതിൽപ്പടി വിതരണം കൊണ്ട് ഉദ്ദേശിക്കുന്നത് എന്താണ്; | (ബി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 ന്റെ സെക്ഷൻ 24(2)(എ) പ്രകാരം സംസ്ഥാന സർക്കാരിന്റെ അംഗീകൃത ഏജൻസി, റേഷൻ ഭക്ഷ്യധാന്യങ്ങൾ എഫ്.സി.ഐ.യിൽ നിന്നും വിട്ടെടുത്ത് ഇന്റർമീഡിയറി ഗോഡൗണിൽ സൂക്ഷിച്ച് റേഷൻകടകളിൽ സർക്കാർ ഏജൻസി മുഖേന നേരിട്ടെത്തിക്കുന്നതിനെയാണ് വാതിൽപ്പടി വിതരണം എന്നതു കൊണ്ട് ഉദ്ദേശിക്കുന്നത്. |
| (സി) വാതിൽപ്പടി വിതരണം എല്ലാ ജില്ലകളിലും നടപ്പാക്കിയിട്ടുണ്ടോ; | (സി) വാതിൽപ്പടി വിതരണത്തിന്റെ പൈലറ്റ് പ്രോജക്ട് മാർച്ച് മാസം കൊല്ലം ജില്ലയിൽ ആരംഭിച്ചിട്ടുണ്ട്. രണ്ടാം ഘട്ടം തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, പാലക്കാട്, കോഴിക്കോട് എന്നീ ജില്ലകളിൽ മെയ് മാസം നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നു. ബാക്കിയുള്ള ഏഴ് ജില്ലകളിൽ വാതിൽപ്പടി വിതരണം ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |

(ഡി) റേഷൻ വ്യാപാരികളുടെ വേതന കാര്യത്തിൽ തീരുമാനമെടുക്കാൻ ഏതെങ്കിലും കമ്മറ്റിയെ നിയോഗിച്ചിരുന്നോ; എങ്കിൽ ആ കമ്മറ്റിയിലെ അംഗങ്ങൾ; ആരെല്ലാമാണ്;

(ഡി) റേഷൻ വ്യാപാരികളുടെ വേതന കാര്യം പരിശോധിച്ച് നിർദ്ദേശം സമർപ്പിക്കുവാൻ ഒരു കമ്മിറ്റിയെ നിയോഗിച്ചിരുന്നു. കമ്മിറ്റി അംഗങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) സിവിൽ സപ്ലൈസ് ഡയറക്ടർ - ചെയർമാൻ
2) റേഷനിംഗ് കൺട്രോളർ - കൺവീനർ
3) ചീഫ് അക്കൗണ്ട്സ് ഓഫീസർ - അംഗം
4) ലോ ആഫീസർ - അംഗം
5) **WFP** പ്രതിനിധി - അംഗം
6) ലേബർ കമ്മീഷണറുടെ പ്രതിനിധി - അംഗം
7) ശ്രീ. കാടാമ്പുഴ മൂസ (ചെയർമാൻ, സംയുക്ത സമര സമിതി, കാടാമ്പുഴ പി.ഒ, മലപ്പുറം - അംഗം
8) ശ്രീ. ടി. മുഹമ്മദാലി (ജനറൽ കൺവീനർ, സംയുക്ത സമര സമിതി, നൗഫൽ നിവാസ്, ചെറുപ്പ പി.ഒ, മറവൂർ) - അംഗം
9) അഡ്വ. ജോണി നെല്ലൂർ (പ്രസിഡന്റ്, ആൾ കേരള റീട്ടെയിൽ റേഷൻ ഡീലേഴ്സ് അസോസിയേഷൻ) - അംഗം
10) അഡ്വ. സുരേന്ദ്രൻ (ജനറൽ സെക്രട്ടറി, കേരള റീട്ടെയിൽ റേഷൻ ഡീലേഴ്സ് അസോസിയേഷൻ) - അംഗം
11) ശ്രീ. കോവളം വിജയകുമാർ (കേരള റീട്ടെയിൽ റേഷൻ ഡീലേഴ്സ് അസോസിയേഷൻ, നെല്ലുവിള വീട്, വെള്ളാർ, കോവളം പി.ഒ) - അംഗം

(ഇ) പ്രസ്തുത കമ്മിറ്റി യോഗം ചേർന്ന് തീരുമാനം സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ തീരുമാനം എന്തായിരുന്നുവെന്നും അതനുസരിച്ച് നടപടികൾ എടുത്തിട്ടുണ്ടോ യെന്നും വ്യക്തമാക്കുമോ?

(ഇ) ഉണ്ട്. കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ പരിശോധിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ